പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4191

19.10.2011 ലെ മറുപടിക്ക്

**സഹകരണ രംഗത്ത് കേന്ദ്ര നിയമനിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. സാജു പോൾ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനങ്ങളിലെ പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിനു കീഴിൽ കൊണ്ടു വരുന്നതിന് കേന്ദ്ര സർക്കാർ നിയമ നിർമ്മാണ നടപടികൾ സ്വീകരിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) ബാങ്കിംഗ് നിയമ (ഭേദഗതി) ബിൽ 2011 (2011-ലെ 18-ാം നമ്പർ ബിൽ) കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിക്കുക യുണ്ടായി. ആയതു പ്രകാരം സഹകരണ ബാങ്കുകൾ നിയമപരമായി സൂക്ഷിക്കേണ്ട സി.ആർ.ആർ., എസ്.എൽ.ആർ. കരുതലു കൾ വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുന്ന നിർദ്ദേശമാണുണ്ടായത്. അതോടൊപ്പം ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾക്ക് റിസർവ്വ് ബാങ്കിന്റെ ലൈസൻസ് നിർബന്ധമാക്കുന്ന നിർദ്ദേശവും ഉണ്ട്. |
| സി) അപ്രകാരം നിയമനിർമ്മാണം നടപ്പിലാ യാൽ സംസ്ഥാന സഹകരണ ബാങ്കിംഗ് സംവിധാനത്തെ അത് എങ്ങനെ ബാധിക്കുമെന്ന് വിശദ മാക്കുമോ; | സി) കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച ബാങ്കിംഗ് നിയമ (ഭേദഗതി) ബിൽ 2011 പ്രാബല്യത്തിൽ വരുന്നതോടെ റിസർവ്വ് ബാങ്ക് കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് സഹകരണ ബാങ്കുകളും സി.ആർ.ആർ., എസ്. എൽ.ആർ. കരുതലുകൾ സൂക്ഷിക്കേണ്ടതായി വരുകയും ആയത് വായ്പാ വിതരണത്തിനു ലഭ്യമാകുന്ന തുകയിൽ കുറവു വരുന്നതിനും വായ്പാ വിതരണം കുറയാനും സാധ്യതയുണ്ട്. വായ്പാ വിതരണത്തിനു വിനിയോഗിക്കാവുന്ന തുക നിയമ വ്യവസ്ഥ പ്രകാരം നിഷ്കർഷി ച്ചിട്ടുള്ള രീതിയിൽ സൂക്ഷിക്കുമ്പോൾ താരതമ്യേന വരുമാനം കുറയുകയും |

ബാങ്കുകളുടെ ലാഭക്ഷമതയെ ബാധിക്കുകയും ചെയ്യാനിടയുണ്ട്. നിലവിലുള്ള സ്ഥിതിയിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപ ബാക്കിനിൽപ്പിൽ ഏറിയ പങ്കും ജില്ലാ സഹകരണ ബാങ്കുകളുടേതും, ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപ ബാക്കി നിൽപ്പിൽ നല്ലൊരു പങ്ക് പ്രാഥമിക സഹകരണ സംഘങ്ങളുടേതുമാണ്. നിർദ്ദിഷ്ട നിയമ ഭേദഗതി ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾക്ക് റിസർവ്വ് ബാങ്ക് ലൈസൻസ് നിർബന്ധ മാക്കുന്ന സാഹചര്യത്തിൽ ആയത് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കാനും അത് സഹകരണ സംഘ ങ്ങളുടെ നിക്ഷേപത്തേയും അതു വഴി സഹകരണ മേഖലയിലെ സാമ്പത്തിക ശേഷിയെ മൊത്തത്തിലും ദോഷകരമായി ബാധിക്കാനും ഇടയുണ്ട്.

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത നിയമനിർമ്മാണം മൂലം നമ്മുടെ സഹകരണ ബാങ്കിംഗ് സംവിധാന ത്തിന് യാതൊരു കോട്ടവും സംഭവിക്കാ തിരിക്കുവാൻ നടപടികൾ സ്വീകരി ക്കുമോ? | ഡി) | കേന്ദ്രസർക്കാരിന്റെ നിയമഭേദഗതിയിലൂടെ ഉണ്ടാകുന്ന പ്രതിസന്ധിയായതിനാൽ സഹക രണ മേഖല അനുഭവിച്ചുകൊണ്ടിരിക്കുന്ന ഇളവ് ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് കിട്ടുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതോടൊപ്പം വായ്പാവിതരണ ത്തിന് ആവശ്യമായ മുഴുവൻ തുകയും സഹകരണ മേഖലയിൽ ലഭ്യമാക്കുന്നതിന് റിസർവ്വ് ബാങ്ക് ലൈസൻസുള്ള സഹകരണ ബാങ്കുകൾക്ക് പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞങ്ങളും പദ്ധതികളും ആവിഷ്കരിക്കുന്ന തിന് നടപടി സ്വീകരിക്കുന്നു. കൂടാതെ റിസർവ്വ് ബാങ്ക് ലൈസൻസ് ലഭ്യമാകാൻ യോഗ്യതയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. അതോടൊപ്പം സഹകരണ മേഖലയുടെ നിലനിൽപ്പും ആവശ്യകതയും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ സഹകരണ പ്രസ്ഥാനത്തിനുള്ള പങ്കും കണക്കിലെടുത്ത് രാഷ്ട്രീയ ഭേദമന്യേ എല്ലാവരുടേയും കൂട്ടായ ഇടപെടൽ സഹക രണ മേഖലയുടെ ഇന്നത്തെ സ്ഥിതിക്ക് കോട്ടം തട്ടാതെ സൂക്ഷിക്കുന്നതിന് ആവശ്യ മായതിനാൽ അത്തരത്തിലുള്ള ഒരു സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ